# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1292

02..03..2017 -ൽ മറുപടിയ്ക്ക്

## സ്വകാര്യ സ്വാശ്രയ കോളേജുകൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. പി. കെ. ശശി | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾ തുടങ്ങിയത് എന്നുമുതൽ എന്നും, അതിനു മുൻപ് എത്ര സർക്കാർ/എയ്ഡഡ്/ എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടായിരുന്നു എന്നും, സർക്കാർ എയ്ഡഡ് മെഡിക്കൽ-പാരാമെഡിക്കൽ-ഹോമിയോ-ആയുർവേദകോളേജുകളുണ്ടായിരുന്നു എന്നും വ്യക്തമാക്കുമോ; | (എ) 1989-ൽ ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ ആരംഭിച്ച എറണാകുളം തൃക്കാക്കാര മോഡൽ എഞ്ചിനീയറിംഗ് കോളേജാണ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജായി സംസ്ഥാനത്ത് ആദ്യം പ്രവർത്തനമാരംഭിച്ചത്. 1994-ൽ ആരംഭിച്ച എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആണ് സർക്കാർ ഇതര മേഖലയിൽ തുടങ്ങിയ ആദ്യത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്. 1998-99 അദ്ധ്യയന വർഷം വരെ സംസ്ഥാനത്ത് 4 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും 3 എയിഡഡ് കോളേജുകളുമാണ് ഉണ്ടായിരുന്നത്. |

| | | | |
|---|---|---|---|
| | | | 1958 -ൽ എറണാകുളം ജില്ലയിൽ മഹാത്മാ ഗാന്ധി സർവ്വകലാശാല യുടെ കീഴിൽ ഗവൺമെന്റ് ആയുർവേദ കോളേജ് സ്ഥാപിതമായി. |
| (ബി) | നിലവിൽ (2016 വർഷം) പ്രസ്തുത ഓരോ മേഖലകളിലുമുള്ള സർക്കാർ, എയ്ഡഡ്, സ്വകാര്യം, സർക്കാരിന്റേയും സർക്കാർ ഏജൻസികളുടേയും നിയന്ത്രണ ത്തിലുള്ള സ്വാശ്രയം, സ്വകാര്യ സ്വാശ്രയം കോളേജുകൾ എത്ര എന്നും, ഓരോ മേഖലയിലും 2016 അദ്ധ്യയന വർഷം ഒഴിഞ്ഞു കിടക്കുന്ന സീറ്റുകൾ എത്ര എന്നും നിലവിലുള്ള ആകെ സീറ്റ് എത്ര എന്നും വ്യക്തമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| (സി) | സ്വാശ്രയ വിഭാഗങ്ങളിൽപ്പെട്ട (സി) കോളേജുകളിൽ പല കോളേജു കളും വിദ്യാഭ്യാസ നിലവാര തകർച്ച നേരിടുന്നതായ പരാതി കളുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ, എന്തു നടപടികൾ സ്വീകരിച്ചു ? | സ്വാശ്രയ കോളേജുകളിലെ വിജയ ശതമാനം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ശാശ്വത പരിഹാര ത്തിനും, ഈ മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന തിനുംവേണ്ടി, സ്വാശ്രയ കോളേജു കളുടെ വിദ്യാഭ്യാസ നിലവാര ത്തെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഒരു മൂന്നംഗ കമ്മിറ്റിയെ നിയമി ച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്ക്കാരങ്ങൾക്കു മായി നാല് സർവ്വകലാശാലാ വി.സി.മാർ ഉൾപ്പെട്ട ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപന ങ്ങളുടെ അക്കാദമികവും, ഭൗതിക വുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി സർവ്വകലാശാലാ തലത്തിൽ ഒരു എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി രൂപീകരിക്കുകയും ആയത് വിലയിരു ത്തുകയും ചെയ്യാറുണ്ട്. അക്കാദമി കവും പാഠ്യേതര പ്രവർത്തന ങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | Government | | | | Govt. Controlled | | | | Pvt. Self financing | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | No. Of Colleges | Seats available for allotment by CEE | Admitted seats as per CEE allotment | Vacant seats as per CEE Allotment | No. Of Colleges | Seats available for allotment by CEE | Admitted seats as per CEE allotment | Vacant seats as per CEE Allotment | No. Of Colleges | Seats available for allotment by CEE | Admitted seats as per CEE allotment | Vacant seats as per CEE Allotment |
| Engg. & Architecture | 17 | 5175 | 4784 | 391 | 25 | 6984 | 5031 | 1953 | 137 | 24988 | 10334 | 14654 |
| MBBS | 8 | 1007 | 1007 | 0 | 1 | 50 | 49 | 1 | 19 | 1103 | 1101 | 2 |
| BDS | 5 | 226 | 225 | 1 | 1 | 30 | 30 | 0 | 17 | 741 | 727 | 14 |
| Other Medical | 14 | 825 | 824 | 1 | 0 | 0 | 0 | 0 | 10 | 265 | 203 | 62 |
| Vacant seats may be filled in Spot allotments. Details of spot allotment conducted by the colleges is not available | | | | | | | | | | | | |

സെക്ഷൻ ഓഫീസർ